"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4140 — 24.06.2019 ൽ മറുപടിയ്ക്ക്

സാമൂഹ്യവനവൽക്കരണത്തെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | ഉത്തരം<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂളുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സാമൂഹ്യ വനവൽക്കരണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) | സാമൂഹ്യ വനവൽക്കരണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. വനവൽക്കരണത്തിനെയും പരിസ്ഥിതി സംരക്ഷണത്തിനെയും സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസുകൾ, നേച്ചർ ക്യാമ്പുകൾ, സെമിനാറുകൾ, ശില്പശാലകൾ, സ്കൂൾ കോമ്പൗണ്ട്, ഹോസ്പിറ്റൽ കോമ്പൗണ്ട് തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ശുചീകരണം, പൊതു കുളങ്ങൾ വൃത്തിയാക്കൽ, റാലികൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. എസ്.പി.സി, എൻ.എസ്.എസ്, എൻ.സി.സി അംഗങ്ങൾക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ സ്കൂളുകളിൽ ഫോറസ്റ്റ് ക്ലബ്ബുകൾ രൂപീകരിച്ച് വന സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം പരിപാടികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സാമൂഹ്യ വനവൽക്കരണ വിഭാഗം പരിസ്ഥിതി ദിനാഘോഷങ്ങളോടനുബന്ധിച്ച് നടത്തുന്ന വൃക്ഷത്തൈ വിതരണം, വൃക്ഷത്തൈ നടീൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം തന്നെ കുടുംബശ്രീ അംഗങ്ങളെയും പങ്കെടുപ്പിക്കാറുണ്ട്. |

Sujeus

സെക്ഷൻ ഓഫീസർ